"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റ് ശ്രീമതി. സംഗീത സതീഷിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.39/2026/ID    തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-

1. ശ്രീ. സത്യൻ (വിവരാവകാശപ്രവർത്തകൻ), സൗപർണ്ണിക, തോറോട്ടുകോണം, തുറവയ്ക്കൽ പി.ഒ, ആക്കുളം, തിരുവനന്തപുരം സമർപ്പിച്ച 16.06.2024-തീയതിയിലെ പരാതി
2. 20.12.2024-ലെ സ.ഉ (സാധാ) നം.1205/2024/വ്യവ നമ്പർ ഉത്തരവ്
3. സർക്കാരിന്റെ 10.01.2025-ലെ എ1/222/2024/വ്യവ നമ്പർ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക
4. ശ്രീമതി. സംഗീത സതീഷ്, സീനിയർ ജിയോളജിസ്റ്റ്-ന്റെ 04.02.2025-തീയതിയിലെ പ്രതിവാദ പത്രിക.
5. സ.ഉ (സാധാ) നം. 299/2025/വ്യവ തീയതി 17.03.2025.
6. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടറുടെ 18.02.2025, 18.06.2025-എന്നീ തീയതികളിലെ ഡിഎം.ജി/3612/2024-ഇ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ഓഫീസിൽ അപേക്ഷയുമായി വന്ന ശ്രീ. സജിമോൻ എം ജെ എന്ന വ്യക്തിയോട് ജില്ലാ ജിയോളജിസ്റ്റ് ആയ ശ്രീ. സംഗീത സതീഷ് അപമര്യാദയായി പെരുമാറുകയും ടിയാനെ ജിയോളജിസ്റ്റിന്റെ ക്യാബിനിൽ പൂട്ടിയിട്ട് ജാതി അധിക്ഷേപം നടത്തുകയും ആയത് മാധ്യമങ്ങൾ മുഖേന വാർത്തയാകുകയും ചെയ്തിരുന്നുവെന്നും ഇത് സംബന്ധിച്ച് കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ശ്രീ. സജിമോൻ പരാതിപ്പെട്ടിട്ടുണ്ടെന്നും ശ്രീമതി സംഗീത സതീഷ് ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും ക്രിമിനൽ കുറ്റവും ചെയ്തത് കണക്കിലെടുത്ത് ടിയാളെ സർവ്വീസിൽ നിന്ന് മാറ്റി നിർത്തി വകുപ്പ് തല കർശന അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ശ്രീ. എ. സത്യൻ, (വിവരാവകാശപ്രവർത്തകൻ), സൗപർണ്ണിക, തോറോട്ടുകോണം, തുറുവയ്ക്കൽ പി.ഒ, ആക്കുളം, തിരുവനന്തപുരം-11 പരാമർശം (1) പ്രകാരം പരാതി സമർപ്പിച്ചിരുന്നു.

പ്രസ്തുത പരാതി പരിഗണിച്ചു വകുപ്പ് അഡീഷണൽ സെക്രട്ടറി നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജിയോളജിസ്റ്റായ ശ്രീമതി. സംഗീത സതീഷിനെ പരാമർശം (2)ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി KCS(CC&A) ചട്ട പ്രകാരം കുറ്റാരോപണ പത്രികയും കുറ്റാരോപണ മെമ്മോയും പരാമർശം (3) പ്രകാരം നൽകിയിരുന്നു. അച്ചടക്ക നടപടി തുടർന്ന് വരവെ തന്റെ സസ്പെൻഷൻ പിൻവലിച്ചു സർവീസിൽ തിരികെ പ്രവേശിപ്പിക്കണമെന്നു ആവശ്യപ്പെട്ടു ശ്രീമതി സംഗീത സതീഷ് സമർപ്പിച്ച അപേക്ഷ പരിഗണിച്ചു പരാമർശം (5) ഉത്തരവ് പ്രകാരം സർവീസിൽ തിരികെ പ്രവേശിപ്പിച്ചിരുന്നു.

ശ്രീ. സജിമോൻ തന്റെ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലത്ത് പൊട്ടിച്ച് കൂട്ടിയിട്ടിരിക്കുന്ന കരിങ്കല്ല് കൊണ്ട് പോകുന്നതിനുള്ള അനുമതിയ്ക്കായി ജില്ലാ ജിയോളജിസ്റ്റായ ശ്രീമതി. സംഗീത സതീഷിനെ സമീപിക്കുകയും അപേക്ഷയിലെ കാലതാമസം കാരണം ശ്രീ.സജിമോൻ ബഹു. ലോകായുക്ത കോടതിയിൽ 25/2024 കംപ്ലയിന്റ് സമർപ്പിച്ചിട്ടുള്ളതും ബഹു. ലോകായുക്ത കോടതിയുടെ 02.06.2024-ലെ ഉത്തരവ് പ്രകാരം 350 MT കരിങ്കല്ല് കൊണ്ടുപോകാൻ ട്രാൻസിറ്റ് പാസ് അനുവദിക്കാൻ ഉത്തരവായെങ്കിലും ട്രാൻസിറ്റ് പാസ് അനുവദിക്കുന്നതിന് പകരം പകരം അനധികൃത ഖനനത്തിന്റെ കുടിശ്ശിക തുകയായ 2,48.867 രൂപ രണ്ട് ദിവസത്തിനകം പിഴ ഒടുക്കേണ്ടതാണെന്ന് ജിയോളജിസ്റ്റ് ആവശ്യപ്പെട്ടിരുന്നതും കോടതിയുടെ പരിഗണനയിലുള്ള വിഷയം ആയിരുന്നിട്ടും നടപടിക്രമങ്ങൾ പാലിയ്ക്കാതെ 2 ദിവസത്തിനകം പിഴ അടയ്ക്കണമെന്ന് demand notice നൽകിയതിനെ തുടർന്ന് അപേക്ഷകൻ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയും 06.02.2024 ലെ ഉത്തരവ് ജിയോളജിസ്റ്റ് പാലിക്കുന്നതിൽ പരാജയപെട്ടതിനാൽ ലോക് ആയുക്ത മുൻപാകെ നേരിട്ട് ഹാജരാകുവാൻ ഉത്തരവായിരുന്നു. ആയതിനെ തുടർന്നാണ് ജില്ലാ ജിയോളജിസ്റ്റ് 19.02.2024 ന് പിഴയീടാക്കാതെ പാസ്സ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവായത്. ആയത് ബഹു. ലോക് ആയുക്തയുടെ ആദ്യ ഉത്തരവ് നടപ്പാക്കുന്നതിലുണ്ടായ ജിയോളജിസ്റ്റിൻ്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. 19.02.2024-ലെ ജിയോളജിസ്റ്റിന്റെ നടപടിക്രമ പ്രകാരം 26.02.2024-ൽ കരിങ്കല്ല് കൊണ്ട് പോകുന്നതിന് പാസ് കൈപ്പറ്റുന്നതിന് വന്ന ശ്രീ. സജിമോനെ കൊണ്ട് കരിങ്കല്ല് കൊണ്ടു പോകുന്നതിന് വാഹനം ലഭ്യമല്ല എന്ന പ്രസ്താവന നിർബന്ധപൂർവ്വം എഴുതി വാങ്ങിക്കുകയും ചെയ്തുവെന്ന ശ്രീ. സജിമോന്റെ ആരോപണം വസ്തുതാപരമായി ശരിയാണെന്ന് വ്യക്തമായിട്ടുള്ളതും കണക്കിലെടുത്ത് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 3, 93(ജി), ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 24.06.2015-ലെ 7995/AR13(2)/15/ഉ.ഭ.പ.വ സർക്കുലർ

പ്രകാരം പരാമർശം (3) പ്രകാരം ശ്രീമതി സംഗീത സതീഷിന് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി സംഗീത സതീഷ് സമർപ്പിച്ച പ്രതിവാദപത്രിക പരാമർശം (4)-ന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ഡി എം ജി യുടെ അഭിപ്രായം സഹിതമുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കോടതിയുടെ പരിഗണനയിലുള്ള വിഷയം ആയിരുന്നിട്ടും നടപടിക്രമങ്ങൾ പാലിയ്ക്കാതെ 2 ദിവസത്തിനകം പിഴ അടയ്ക്കണമെന്ന് **demand notice** നൽകിയത് ജിയോളജിസ്റ്റിൻ്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.ആയതിനെ തുടർന്ന് അപേക്ഷകൻ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയും **06.02.2024** ലെ ഉത്തരവ് ജിയോളജിസ്റ്റ് പാലിക്കുന്നതിൽ പരാജയപെട്ടതിനാൽ ലോക് ആയുക്ത മുൻപാകെ നേരിട്ട് ഹാജരാകുവാൻ ഉത്തരവായിരുന്നു. ആയതിനെ തുടർന്നാണ് ജില്ലാ ജിയോളജിസ്റ്റ് **19.02.2024** ന് പിഴയീടാക്കാതെ പാസ്സ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവായത്. ആയത് ബഹു. ലോക് ആയുക്തയുടെ ആദ്യ ഉത്തരവ് നടപ്പാക്കുന്നതിലുണ്ടായ ജിയോളജിസ്റ്റിൻ്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

കെ എം എം സി ചട്ടങ്ങളിലെ ചട്ടം **51(2)** പ്രകാരം ഏതൊരാളിനും കടിശ്ശിക സർക്കാരിന് ഒടുക്കുവാനുള്ള പക്ഷം യാതൊരുവിധ അനുമതിക്കും ടി വ്യക്തി അർഹനല്ല എന്നതിനാലാണ് ഡിമാൻ്റ് നോട്ടീസ് നൽകിയത് എന്നാണ് ആയതിന് ജില്ലാ ജിയോളജിസ്റ്റ് നൽകിയിരുന്ന വിശദീകരണം. എന്നാൽ കോടതി ഉത്തരവ് പാലിക്കാതെ പിഴ തുക ഒടുക്കി പാസ്സുകൾ കൈപ്പറ്റാൻ നിർദ്ദേശിച്ചതിനെത്തുടർന്ന് ഹർജ്ജിക്കാരൻ വീണ്ടും കോടതിയെ സമീപിക്കുകയും ജിയോളജിസ്റ്റിനോട് നേരിട്ട് ഹാജരായി വിശദീകരണം നൽകവാൻ കോടതി ആവശ്യപ്പെടുകയുമുണ്ടായി. പിന്നീട് ജില്ലാ ജിയോളജിസ്റ്റ് **06.02.2024** ലെ ലോക് ആയുക്ത ഉത്തരവിന്റെ അടിസ്ഥാനത്തിൽ **19.02.2024** ന് പിഴ ഒടുക്കുന്നത് കാത്ത് നിൽക്കാതെ കോടതി വിധി പാലിക്കുന്നതിലേക്കായി പാസ്സുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സജിമോൻ എ.ജെ കോട്ടയം ജില്ലാ ആഫീസിൽ ജില്ലാ ആഫീസറുടെ ക്യാബിനിൽ ഇരുന്നപ്പോൾ ക്യാബിൻ്റെ ഡോർ താക്കോൽ ഉപയോഗിച്ച് പൂട്ടിയത് ഒരു സർക്കാർ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള അഭികാമ്യമായ നടപടിയല്ല. എന്നാൽ പരാതിക്കാരനെ ജിയോളജിസ്റ്റിൻ്റെ ക്യാബിനിൽ പൂട്ടിയിട്ടു എന്ന പരാതി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയും കേസ് നിലവിൽ കോടതിയുടെ പരിഗണനയിലാണ്.

ഈ വിഷയം കോട്ടയം ഈസ്റ്റ് പി എസ്സ് **782/24 U/s 342 IPC & Sec- 3(1)(r) 3(1)(s), 3(2)(v) SC/ST ACT** ബഹുമാനപ്പെട്ട കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ **Order No. J4-202/DCRB/2024-K Dtd. 19.06.2024** ഉത്തരവ് പ്രകാരം

20.06.2024 തീയതി കോട്ടയം, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഈ കേസിൻ്റെ അന്വേഷണം ഏറ്റെടുത്തിട്ടുള്ളതും അന്വേഷണം നടത്തിയതിൽ ഈ കേസിലെ FIRൽ പറഞ്ഞിരിക്കുന്ന IPC Section 342 & Sec 3(1)(r), 3(1)(s), 3(2)(v) SC/ST ACT പ്രകാരമുള്ള കുറ്റകൃത്യം ഈ കേസ്സിൽ നടന്നിട്ടില്ലായെന്നും ഈ കേസ് FALSE ആണെന്നും വെളിവായിട്ടുള്ളതിനെ തുടർന്ന് Factual Report റിപ്പോർട്ട് തയ്യാറാക്കി ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിച്ചിരുന്നതും Order No. 01/FR/DCRB/2025.K Dated 31.01.2025 പ്രകാരം ജില്ലാ പോലീസ് മേധാവിയുടെ അനുമതി ഉത്തരവ് ലഭിച്ചിട്ടുള്ളതും.തുടർന്ന് 03.02.2025 തീയതി ഈ കേസിൻ്റെ Final Report (False) തയ്യാറാക്കി ബഹു: കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട്, കോടതി വിധികൾ, കെ എം എം സി ചട്ടം, ജിയോളജിസ്റ്റിൻ്റെ നടപടിക്രമങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നും കോടതി വിധി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ ജിയോളജിസ്റ്റിന്റെ ഭാഗത്തു അപാകത ഉണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. എന്നാൽ ഈ വിഷയത്തിൽ ടിയാളെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നതിനാൽ പ്രസ്തുത സസ്പെൻഷൻ തന്നെ ഒരു ശിക്ഷയായി കണക്കാക്കി തുടർ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് മൈനിങ് & ജിയോളജി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട്, കോടതി വിധികൾ,മൈനിങ് & ജിയോളജി ഡയറക്ടറുടെ വസ്തുതാറിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ കോടതി വിധി നടപ്പാക്കുന്നതിൽ ജിയോളജിസ്റ്റിന്റെ ഭാഗത്തു നിന്നു വീഴ്ചയുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാണ്. ആകയാൽ ഇത്തരം വീഴ്ച ആവർത്തിക്കരുതെന്നും ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ യുക്തിപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്നും നിർദേശം നൽകി കൊണ്ട് ജിയോളജിസ്റ്റ്, ശ്രീമതി. സംഗീത സതീഷിനെതിരെ ആരംഭിച്ച വകുപ്പ് തല അച്ചടക്ക നടപടി 'സെൻഷ്വർ' നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 19-01-2026 15:01:17
സെക്ഷൻ ഓഫീസർ